സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2025
Vol. 2 Issue 1 pages 18-26

പാലൈ
PALAI பாலை
ISSN No: 3049-0316

# സാഹിത്യോത്തരസംസ്കാരം മലയാള ചെറുകഥയിൽ



ഡോ. സാൽവിൻ കെ. തോമസ് *

**സംഗ്രഹം**

സാഹിത്യോത്തരസംസ്കാരത്തിന്റെ സ്വാധീനമാണ് വർത്തമാനകാല കഥാഖ്യാനത്തിലും അർത്ഥതലത്തിലും പ്രകടമാകുന്നത്. ബ്രിട്ടീഷ് അക്കാദമിക് ആയ സ്കോട്ട് വിൽസൺ അവതരിപ്പിച്ച ഈ ആശയം സാമ്പ്രദായിക ആശയവിനിമയ സംസ്കാരത്തിന്റെയും എഴുത്തിന്റെയും മേഖലയിൽ സൃഷ്ടിക്കപ്പെട്ട സാങ്കേതികവിദ്യയിലധിഷ്ഠിതമായ വൈജ്ഞാനിക വിപ്ലവത്തെ പ്രതിനിധീകരിക്കുന്നു. ദൃശ്യമാധ്യമങ്ങളുടെ ആധിപത്യം, ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സ്വാധീനം, ഉള്ളടക്കത്തിൽ കൈവന്ന മാതൃകാമാറ്റം, ഭാവുകത്വപരിണാമത്തിലെ വ്യതിയാനങ്ങൾ, മാറിയ സാമൂഹ്യ ഇടപെടലുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവണതകളാണ് സാഹിത്യോത്തര സംസ്കാരത്തിന്റെ അന്തഃസത്ത.

**താക്കോൽ വാക്കുകൾ:** സാഹിത്യോത്തരത, സാമ്പത്തിക കാവ്യമീമാംസ, പ്രയോജനത്വം, യുക്തിമൂലകത്വം, സാന്മാർഗ്ഗികത, സാങ്കേതികമുതലാളിത്തം, ഉല്പന്നനിർമ്മിതമനോഭാവം, സംയോജനം, സത്യാനന്തരയുഗം, നിയന്ത്രണതന്ത്രഭ്രമം, പ്രമേയസങ്കീർണ്ണത, ഡിജിറ്റൽ സാങ്കേതികവിദ്യ

## ആമുഖം

സാഹിത്യത്തിന് പ്രമുഖസ്ഥാനം നൽകുന്ന പ്രവണതയാണ് സാഹിത്യസംസ്കാരം. സാഹിത്യമെന്നത് 'സഹിതഭാവ'മെന്നും സഹൃദയൻ എന്നത് 'സമാനഹൃദയമുള്ളവൻ' എന്നുമുള്ള ചിന്താപദ്ധതിയാണ് ഈ പ്രവണതയുടെ അടിസ്ഥാനം. സാഹിത്യത്തിന്റെ പൊതുപ്രമേയം മനുഷ്യജീവിതമാണ്. നന്മ-തിന്മ സംഘർഷമാണ് ഈ പ്രമേയത്തിന് ചലനാത്മകത നൽകുന്നത്. തന്മൂലം ത്യാഗമനോഭാവം, സദ്ബുദ്ധി, അസ്തിത്വദുഃഖം, അന്യതാബോധം, സഹാനുഭൂതി, രോഷം, കുടിലത എന്നിങ്ങനെ മനുഷ്യനുമായി ബന്ധപ്പെടുന്ന എല്ലാ മേഖലകളും സാഹിത്യത്തിന് വിഷയമായി. ഇവയെ ആവിഷ്കരിക്കുവാൻ യാഥാർത്ഥ്യവും ഭാവനയും ആഖ്യാന ഉപാധികളായി സ്വീകരിച്ചു. കാലഗണനാക്രമമനുസരിച്ചും പ്രവണതകളെ അടിസ്ഥാനമാക്കിയും കാല്പനികത, റിയലിസം, ആധുനികത, ഉത്തരാധുനികത എന്നിങ്ങനെ പല ഘട്ടങ്ങളിലൂടെ സാഹിത്യത്തിന് വികാസപരിണാമങ്ങൾ സംഭവിച്ചു. ഇത്തരം സവിശേഷതകളടങ്ങിയ സാഹിത്യസംസ്കാരത്തിന്റെ മറ്റൊരു തലത്തിലേക്കുള്ള പ്രയാണത്തെയാണ് സാഹിത്യോത്തരസംസ്കാരം (post literacy culture) എന്ന് വിളിക്കുന്നത്.

* അസിസ്റ്റന്റ് പ്രൊഫസർ, മലയാളം വിഭാഗം, സെന്റ് തോമസ് കോളേജ് പാലാ, ഓട്ടോണമസ്

## സാഹിത്യോത്തരത

സാഹിത്യോത്തരത സാഹിത്യത്തെ അഥവാ സഹിതഭാവത്തെ മറികടക്കുന്നതോ സഹിതഭാവത്തിന് വിരുദ്ധമായതോ ആവാം. സഹിതഭാവത്തെയും സാമൂഹികബോധത്തെയും മറികടന്ന് വ്യക്തിഭാവത്തിന് പ്രാധാന്യം കൈവരുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. അക്ഷരബദ്ധമല്ലാത്ത സംസ്കാരത്തിലേക്കുള്ള മാറ്റമാണ് സാഹിത്യോത്തരത കൊണ്ട് അർത്ഥമാക്കുന്നത്. അച്ചടിച്ച പുസ്തകങ്ങൾ, എഴുത്ത്, വായന എന്നിവ കേന്ദ്രീകരിച്ചുള്ള പരമ്പരാഗത സാക്ഷരതാസംസ്കാരത്തിൽനിന്ന് മാറിക്കൊണ്ട് ഡിജിറ്റൽ യുഗത്തിലെ പുതിയ മാധ്യമങ്ങളും സാങ്കേതികവിദ്യകളും രൂപപ്പെടുത്തുന്ന നവീനസംസ്കാരത്തെയാണ് സാഹിത്യോത്തരത അടയാളപ്പെടുത്തുന്നത്. ഈ സവിശേഷത നിലനിർത്താൻ ആധുനികവും ഉത്തരാധുനികവുമായ പ്രവണതകൾ വ്യക്തികളെ സഹായിക്കുന്നു. ആശ്രയബോധവും സഹകരണമനോഭാവവുമല്ല, കീഴടക്കലും നേടിയെടുക്കലുമാണ് ഇവിടുത്തെ മാനദണ്ഡങ്ങൾ. അവനവന്റെ വിശ്വാസ രാഷ്ട്രീയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് കലഹിക്കാനും പ്രതിരോധിക്കാനും അതിജീവിക്കാനും സാഹിത്യോത്തരസംസ്കാരം പ്രചോദിപ്പിക്കുന്നു. വൈകാരികതലത്തിലുള്ള മാനുഷികഭാവങ്ങളെക്കാൾ യന്ത്രവത്കൃതഘടകങ്ങളിലധിഷ്ഠിതമായ പ്രവണതകളാണ് ഈ വീക്ഷണത്തെ സഹായിക്കുന്ന ഘടകങ്ങൾ. മനഃശാസ്ത്രപരവും ബുദ്ധി-യുക്തിയിലധിഷ്ഠിതമായ പ്രവർത്തനങ്ങളും അതിഭൗതികതലത്തിലേക്കുയരുന്ന അഹംഭാവങ്ങളും സാഹിത്യോത്തരസംസ്കാരത്തിന്റെ പ്രമേയങ്ങളാണ്. ചുരുക്കത്തിൽ വൈകാരിക തലത്തിൽനിന്നും ബൗദ്ധികതലത്തിലേക്കും സാങ്കേതികവിദ്യകളുടെ അതിപ്രസരത്തിലേക്കുമുള്ള ചുവടുമാറ്റമാണ് സാഹിത്യോത്തരസംസ്കാരത്തിന്റെ രാഷ്ട്രീയപരിസരം.

## സാഹിത്യോത്തരസംസ്കാരം - ഉത്ഭവവും വികാസവും

സ്കോട്ട് വിത്സൺ (Scott Wilson) ആണ് സാഹിത്യോത്തരസംസ്കാരത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നത്. അദ്ദേഹം പുതിയ കാലത്തിന്റെ സംസ്കാരത്തെ സാഹിത്യോത്തരസംസ്കാരം എന്നു വിളിച്ചു. ജെ. ഹില്ലിസ് മില്ലറിന്റെ (J. Hillis Miller) ഒരു വാക്യം കടമെടുത്തുകൊണ്ടാണ് തന്റെ ആശയത്തെ അദ്ദേഹം വികസിപ്പിച്ചത്. "Money is a kind of poetry"[1] (പണം ഒരുതരം കവിതയാണ്). ഇതിൽ ഒരു വിരോധാഭാസതുല്യത സ്കോട്ട് വിത്സൺ കണ്ടെത്തുന്നു. പണം കവിതയ്ക്ക് സമമാകുന്നു'. കവിത പണത്തിന് സമമാകുന്നു. സൗന്ദര്യം സാമർത്ഥ്യത്തിനു സമമാകുന്നു.[2] സാമർത്ഥ്യം സൗന്ദര്യത്തെ അളക്കാനുള്ള മാനദണ്ഡമാകുന്നു. മുതലാളിത്തം യുദ്ധങ്ങൾക്കു സമമാകുന്നു. യുദ്ധം ആഗ്രഹങ്ങൾക്കു സമമാണ്. ആഗ്രഹം യന്ത്രങ്ങൾക്കു സമമാണ്. ഈ സാഹചര്യത്തിൽ മനുഷ്യൻ എന്തിന് സമമാണ്? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് സ്കോട്ട് വിത്സൺ സാഹിത്യോത്തരസംസ്കാരത്തിൽ അന്വേഷിക്കുന്നത്. പുതിയ കാലം മനുഷ്യനെ എങ്ങനെ കാണുന്നു? സാങ്കേതികവിദ്യയുടെ സ്രഷ്ടാവ് എന്നതിനേക്കാൾ അവയുടെ ഉപഭോക്താവ്, ഉല്പന്നം, അസംസ്കൃതവസ്തു എന്നിങ്ങനെ വിവിധ മേഖലകളിലേക്ക് മനുഷ്യൻ മാറുന്നു എന്നതാണ് സാഹിത്യോത്തരസംസ്കാരത്തിന്റെ പൊതുപ്രവണത. വിവരങ്ങളുടെയും ആശയവിനിമയത്തിന്റെയും പ്രധാന മാദ്ധ്യമങ്ങളായി ദൃശ്യങ്ങളും ശബ്ദങ്ങളും മാറുന്നു. ഇമേജുകളുടെയും ശബ്ദങ്ങളുടെയും പ്രാധാന്യം സാഹിത്യോത്തരതയുടെ മാനദണ്ഡമായി മാറുന്നു. രണ്ടു സ്ഥലങ്ങൾ തമ്മിലുള്ള ദൂരം കിലോമീറ്ററിൽ അടയാളപ്പെടുത്തുന്നതിനു പകരം "ഒരു പാട്ടിന്റെ ദൂരം' എന്ന് എഫ്.എം. റേഡിയോയിൽ അറിയിപ്പ് ലഭിക്കുന്നത് സാഹിത്യോത്തരസംസ്കാരത്തിന്റെ ഉത്തമഉദാഹരണമാണ്. സോഷ്യൽ മീഡിയ, ഇന്റർനെറ്റ് മീമുകൾ, ഹ്രസ്വവീഡിയോകൾ തുടങ്ങിയവയിലൂടെ വിവരങ്ങൾ മനസ്സിലാക്കുകയും പരസ്പരം ഇടപഴകുകയും ചെയ്യുന്ന രീതികളിൽ സംഭവിച്ചിരിക്കുന്ന മാറ്റങ്ങൾ സാഹിത്യോത്തരസംസ്കാരത്തിന്റെ പ്രചാരത്തെ സൂചിപ്പിക്കുന്നു. സ്കോട്ട് വിത്സന്റെ അഭിപ്രായപ്രകാരം പുതിയൊരു വായനാസമ്പ്രദായവും നിലവിൽ വന്നിരിക്കുന്നു. ഒരു ടെക്സ്റ്റ് വായിച്ചെടുക്കുന്നതിനു പകരം മൾട്ടി മീഡിയ ഉള്ളടക്കങ്ങളെയും കോഡുകളെയും വ്യാഖ്യാനിച്ചെടുക്കുന്ന പുതിയതരം വായനാരീതിയിലേക്ക് സമൂഹം മാറി. ചുരുക്കത്തിൽ സമൂഹത്തിൽ മനുഷ്യന്റെ ഇടം, പദവി, പ്രാധാന്യം എന്നിവയ്ക്ക് സംഭവിച്ച മാറ്റങ്ങളിലൂടെ വർത്തമാനകാലത്തിലെ മനുഷ്യന്റെ അവസ്ഥയെ നിർണ്ണയിക്കുകയാണ് അദ്ദേഹം ചെയ്തത്.

## സാഹിത്യോത്തരതയുടെ ഘടകങ്ങൾ

### 1. സാമ്പത്തികകാവ്യമീമാംസ (Econopoesis)

സാമ്പത്തികശാസ്ത്രം ജീവിതത്തിന്റെ എല്ലാ തലങ്ങളെയും ബാധിക്കുന്ന അവസ്ഥയാണ് സാഹിത്യോത്തരസംസ്കാരത്തിൽ കാണാൻ കഴിയുന്നത്. ഈ സാമ്പത്തികതത്ത്വശാസ്ത്രം പൊതുവെ

 ISSN No: 3049-0316


സാഹിത്യവുമായി ബന്ധപ്പെട്ടതാവണമെന്നില്ല. സാമ്പത്തികം മനുഷ്യനെ നിർണ്ണയിക്കുന്ന അളവുകോലായി മാറുന്നു. അതുകൊണ്ടുതന്നെ കലാസൃഷ്ടികളും സാഹി ത്യസൃഷ്ടികളും സാമ്പത്തികതത്ത്വത്തിൽ അധിഷ്ഠിതമായി മാറുന്നു. വൈകാരികതയ്ക്കും സനാതന മൂല്യങ്ങൾക്കും പ്രാധാന്യം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണ് പ്രസ്തുത സംസ്കാരത്തിൽ നിഴലിക്കുന്നത്.

### 2. പ്രയോജനത്വം, യുക്തിമൂലകത്വം, സാന്മാർഗ്ഗികത (Utility, Rationality, Morality)

ഫലദായകമായ പ്രവൃത്തികൾ ചെയ്യുക എന്നതാണ് പ്രയോജനത്വത്തിന്റെ അടിത്തറ. ഫലം കർത്താവിന് പ്രയോജനമുള്ളതാണെങ്കിൽ മാത്രമാണ് പ്രവൃത്തിക്ക് മൂല്യം ഉണ്ടാവുന്നത്. പ്രവൃത്തികൾ യുക്ത്യാധിഷ്ഠിതമായിരിക്കണം. കാര്യത്തിന് ഒരു കാരണമുണ്ടാവുകയെന്നതാണ് യുക്തിയുടെ അടിസ്ഥാനം. കാര്യ-കാരണബന്ധമുള്ള പ്രവൃത്തികളാണ് വിലമതിക്കപ്പെടേണ്ടത്. സാന്മാർഗ്ഗികതയ്ക്ക് പ്രാധാന്യം ലഭിക്കണമെന്നതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. 'സാന്മാർഗ്ഗികത'യുടെ നിർവചനവും അർത്ഥതലങ്ങളും ഇവിടെ വിശാലമാകുന്നു. മതതത്ത്വങ്ങളിലധിഷ്ഠിതമായ സാന്മാർഗ്ഗികതയല്ല, മാനവികതയിലധിഷ്ഠിതമായ സാന്മാർഗ്ഗികതയ്ക്കാണ് ഈ കാലഘട്ടം ഊന്നൽ നൽകുന്നത്. മുഖ്യധാരാചരിത്രത്തിൽനിന്നും വഴിമാറി പ്രാദേശികചരിത്രത്തിലേക്കും വ്യക്തിഗതചരിത്രത്തിലേക്കുമുള്ള സഞ്ചാരമാണ് സാന്മാർഗ്ഗികതയ്ക്ക് മാനം നൽകുന്നത്. വ്യക്തിയുടെ പ്രാധാന്യം സാന്മാർഗ്ഗികതയുടെ അതിരുകൾ നിശ്ചയിക്കുന്നു. വ്യക്ത്യാധിഷ്ഠിതമൂല്യം പ്രയോജനത്വത്തിനും യുക്തിമൂലകത്വത്തിനും, സാന്മാർഗ്ഗികതയ്ക്കും ദിശാബോധം നൽകുന്നു.

### 3. സാങ്കേതികാധിഷ്ഠിത മുതലാളിത്തം (Techno Capitalism)

ജീവിതത്തെ പ്രവർത്തിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും സാങ്കേതികവിദ്യയാണ്. സാങ്കേതികവിദ്യയുടെ ഉടമസ്ഥത പുതിയ മുതലാളിത്തവ്യവസ്ഥിതിക്ക് രൂപം നൽകുന്നു. സാങ്കേതികവിദ്യ ഉപയോഗിച്ച് അതിവേഗം ബഹുദൂരം സഞ്ചരിക്കാനും കീഴടക്കാനും ആനന്ദിക്കാനും സംതൃപ്തി കണ്ടെത്താനും തൃഷ്ണകളെ ശമിപ്പിക്കാനുമുള്ള ശ്രമമാണ് സാഹിത്യോത്തര കാലഘട്ടത്തിൽ കാണുന്നത്. രചനകളിൽ (കഥ, കവിത, നോവൽ, ലേഖനം) സാങ്കേതികവിദ്യ കേന്ദ്രപ്രമേയമാകുന്നതോടെ ആസ്വദിക്കുന്നതിന്റെ തലം യന്ത്രവത്കൃതമണ്ഡലങ്ങളിലേക്ക് വഴിമാറുന്നു. സാങ്കേതികവിദ്യയില്ലാതെ ആസ്വാദനമില്ല എന്ന അവസ്ഥ സംജാതമാകുന്നു. മാനുഷികഭാവങ്ങളുടെ സംവേദനം സാങ്കേതികവിദ്യാകേന്ദ്രിതമാകുന്നതോടെ സാങ്കേതികവിദ്യകളുടെ ഉടമസ്ഥൻ വൈകാരികപ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവുമായി മാറുന്നു.

### 4. ഉല്പന്നനിർമ്മിതമനോഭാവം (Product making mentality)

ഉല്പന്നത്തിന്റെ മൂല്യം, തനിമ, അളവ് എന്നിവ നിർണ്ണയിച്ച് 'ഡേറ്റാബാങ്കിൽ' (Data Bank)ൽ ശേഖരിക്കുന്ന അവസ്ഥയാണ് സാഹിത്യോത്തരസംസ്കാരത്തിന്റെ നവപ്രവണത. ഇങ്ങനെ ശേഖരിക്കപ്പെടുന്ന അറിവുകൾ എപ്പോൾ വേണമെങ്കിലും പ്രയോജനപ്പെടുത്താവുന്ന ഒരു അധികാരശ്രേണി നിലവിൽ വന്നിരിക്കുന്നു. വ്യക്തിയുടെ തനിമ ചില പ്രത്യേകകേന്ദ്രങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന അവസ്ഥ സംജാതമാകുന്നു. അനന്യത നഷ്ടപ്പെടുകയും ചില മാനദണ്ഡങ്ങളിൽ മാത്രം അധിഷ്ഠിതമായി വ്യക്തിത്വം നിർവചിക്കപ്പെടുകയും ചെയ്യുന്ന സൂക്ഷ്മതന്ത്രങ്ങളാണ് ഈ കാലഘട്ടത്തിന്റെ വിധിനിർണ്ണയം നടത്തുന്നത്. വ്യക്തിയുടെ സ്വകാര്യത അധികാരവർഗ്ഗത്തിന്റെ ആയുധമായി രൂപാന്തരപ്പെടുത്തുന്ന ദത്തശേഖരണം പ്രോത്സാഹിപ്പിക്കപ്പെടുന്നു. 'ഐഡന്റിറ്റി കാർഡ്'' വ്യക്തിയുടെ മുഖമുദ്രയായി മാറുന്നു. 'ഐഡന്റിറ്റി കാർഡ്'' ഉപയോഗിച്ച് അധികാരവർഗ്ഗം തങ്ങളുടെ ഇംഗിതമനുസരിച്ച് വ്യക്തിഗത വിവരങ്ങളെ ശേഖരിക്കുകയും വ്യക്തികളെ ഉപഭോഗവസ്തുക്കളാക്കി, നിക്ഷിപ്തതാല്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു. എല്ലാ മനുഷ്യരും നിരീക്ഷിക്കപ്പെടുന്നു. എല്ലാ വിവരങ്ങളും 'മെഷിൻ റീഡബിൾ' (machine readable) ആയി മാറുന്നു. ചുരുക്കത്തിൽ 'സ്മാർട്ട് ലേബൽ' (smart label) എന്ന കപടവിശേഷണത്തിലൂടെ ഒരു പ്രത്യേകവർഗ്ഗത്തിന്റെ നിക്ഷിപ്ത താല്പര്യങ്ങളുടെ കടന്നുകയറ്റമാണ് സംരക്ഷിക്കപ്പെടുന്നത്.

### 5. രൂപകവും പ്രതിബിംബവും (Metaphor and Image)

രൂപകങ്ങളും ബിംബങ്ങളും രചനകളിൽ കൂടുതലായി ഉപയോഗിക്കുന്ന ശൈലിയാണ് സാഹിത്യോത്തരസംസ്കാരത്തിൽ സ്വീകരിച്ചിരിക്കുന്നത്. മനുഷ്യന്റെ തനിമ നഷ്ടപ്പെടുത്തി അവയ്ക്കു മുകളിൽ ചില രൂപകങ്ങൾ പ്രതിഷ്ഠിക്കുന്നു. ബിംബാത്മകമായ ഭാഷയ്ക്ക് അമിതപ്രാധാന്യം നൽകി ആശയസംവേദനം

സങ്കീർണ്ണമാക്കുന്നു. ഭാഷയുടെ ലാളിത്യം നഷ്ടപ്പെടുത്തി ഊതിപ്പെരുപ്പിച്ച പദസംഹിതകളും വികലമായ വാക്യഘടനയും വഴി മാതൃഭാഷയെ ക്ലിഷ്ടതയ്ക്ക് കീഴ്പ്പെടുത്തുന്നു. മാതൃഭാഷയെക്കാൾ വിദേശഭാഷകളെ ആശ്രയിക്കേണ്ട അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. പരിഭാഷയുടെ പ്രയോജനം സാധാരണജനങ്ങൾക്ക് അന്യമാകുന്നു. മാതൃഭാഷയും നാടൻ പ്രയോഗങ്ങളും അന്യവത്കരിക്കപ്പെടുന്നതോടെ മാനസികവ്യാപാരങ്ങളും അനുഭവങ്ങളും വായനക്കാരനിൽ മൃതമായിത്തീരുന്നു. ഭാഷയുടെ താളാത്മകതയും ചലനാത്മകതയും നഷ്ടപ്പെടുന്നു. ക്രിയാത്മകതയും ജന്മവാസനകളും ഫലവത്താകാത്ത ഊഷരഭൂമിയായി സാഹിത്യസദസ്സുകൾ രൂപം പ്രാപിക്കാനും ഇത്തരം പ്രവണതകൾ വഴിതെളിക്കുന്നു. എന്നാൽ ആരോഗ്യകരമായ രചനകളും സാഹിത്യോത്തരസംസ്കാരത്തിൽ ദൃശ്യമാകുന്നു എന്നത് പ്രതീക്ഷ നൽകുന്ന കാര്യമാണ്. സ്വതസിദ്ധമായ രചനാശൈലികളെ സജീവമാക്കി ബിംബങ്ങളുടെയും രൂപകങ്ങളുടെയും ശ്രദ്ധാപൂർവ്വമായ ഉപയോഗം സാഹിത്യോത്തരകാലഘട്ടത്തിന്റെ കൃത്യതയാർന്ന ആവിഷ്കാരമാണ് എന്നതും വിസ്മരിക്കാനാവാത്ത യാഥാർത്ഥ്യമാണ്.

### 6. സംയോജനം (Assemblage)

'സംയോജന'മാണ് സാഹിത്യോത്തരഘട്ടത്തിന്റെ അന്തർധാര. കൃത്യമായ അളവിലും തൂക്കത്തിലും നവപ്രവണതകളെ സംയോജിപ്പിക്കുന്നതിലുള്ള ശ്രദ്ധ ഈ കാലഘട്ടത്തിന്റെ ഭാവാത്മക സമീപനമാണ്. സാമ്പത്തികമീമാംസയും പ്രയോജനതത്വവും യുക്തിമൂലകതത്വവും സാന്മാർഗ്ഗികതയും സാങ്കേതികാധിഷ്ഠിത മുതലാളിത്തവും ഉല്പന്ന നിർമ്മിതമനോഭാവവും രൂപകവും ബിംബങ്ങളും എല്ലാം സംയോജിപ്പിച്ച് ആനന്ദ നിർമ്മിതിക്കാവശ്യമായ ചേരുവകൾ സമൂഹത്തിനു നല്കുകയാണ് സാഹിത്യോത്തരകാലഘട്ടം. സംയോജനതത്ത്വത്തിന്റെമാനദണ്ഡംവ്യക്ത്യാധിഷ്ഠിതകേന്ദ്രിതമാണ്എന്നതുംശ്രദ്ധിക്കേണ്ടവസ്തുതയാണ്. സാമൂഹിക ധർമ്മത്തേക്കാൾ രചയിതാവിന്റെ മനോധർമ്മത്തിന് പ്രാധാന്യം കൈവരുന്നതിനാൽ 'സംയോജന തത്ത്വത്തിന്റെ' പ്രതിപ്രവർത്തനത്തെ കൃത്യമായി വിവേചിക്കാൻ സാധിക്കില്ല. 'കാലഘട്ടത്തിന്റെ ആവശ്യത്തെ' സാധൂകരിക്കാനോ തിരസ്കരിക്കാനോ രചയിതാവിന് സ്വാതന്ത്ര്യമുണ്ട് എന്നതുപോലെ കലാ-സാഹിത്യസൃഷ്ടികളെ സ്വീകരിക്കാനും പുറംതള്ളാനും ആസ്വാദകർക്കും സ്വാതന്ത്ര്യമുണ്ട് എന്നതും സാഹിത്യോത്തരസംസ്കാരത്തിൽ ഉയർത്തിപ്പിടിക്കുന്ന അവകാശബോധ്യമാണ്. എഴുത്തുകാരന്റെ സ്വാതന്ത്ര്യവും ആസ്വാദകരുടെ സ്വാതന്ത്ര്യവും തമ്മിലുള്ള സംഘർഷത്തിന് കൂടുതൽ സാധ്യത തെളിയുന്നു എന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. അതുകൊണ്ടുതന്നെ മൂന്നാമതൊരാളുടെ അധീശത്വം (ഭരണാധികാരികളുടെ നിയന്ത്രണം) ഈ സ്വാതന്ത്ര്യത്തിനുമേൽ കടന്നുകയറാനുള്ള പ്രവണതയും സംയോജനതത്ത്വത്തിൽ നിഴലിക്കുന്നു.

### 7. സത്യാനന്തരയുഗം (Post Truth Era)

സാഹിത്യോത്തരസംസ്കാരത്തിന്റെ പുതുപ്രവണതയാണ് സത്യാനന്തരയുഗം. അർദ്ധസത്യങ്ങളും അസത്യങ്ങളും ആവർത്തിച്ച് അവതരിപ്പിക്കുന്നതുവഴി സത്യത്തിന്റെ പ്രതീതി സൃഷ്ടിക്കുന്ന അവസ്ഥയാണ് സത്യാനന്തരയുഗം. അർദ്ധസത്യങ്ങളും അസത്യങ്ങളുമാണ് ഈ പ്രവണതയുടെ അസംസ്കൃതവസ്തുക്കൾ. 'ആവർത്തനമാണ്' ഈ പ്രവണതയുടെ രീതിശാസ്ത്രം. മിത്തുകളും പഴമൊഴികളും വാമൊഴികളുമൊക്കെ ഉപയോഗിച്ച് സമകാലികപ്രവണതകളെ വളച്ചൊടിക്കാനും ന്യായീകരിക്കാനും പുതുസിദ്ധാന്തങ്ങൾ രൂപീകരിക്കാനുമുള്ള ശ്രമമാണ് സത്യാനന്തരയുഗത്തിന്റെ പരിണിതഫലം. "നമ്മൾ സത്യാനന്തര രാഷ്ട്രീയത്തിലാണ് ജീവിക്കുന്നത്."[3] വ്യക്തവും കൃത്യവുമായ പദ്ധതികൾ വിഭാവനം ചെയ്ത് തങ്ങളുടെ ആശയസൃഷ്ടികളെ സമൂഹത്തിൽ സ്ഥാപിക്കാനുള്ള അദൃശ്യകോർപ്പറേറ്റ് ശക്തികളുടെ ബോധപൂർവ്വകമായ ശ്രമമാണ് ഈ രാഷ്ട്രീയം. "ഭൂതകാലസത്യവുമായുള്ള വർത്തമാനകാല പോരാട്ടത്തിന്റെ കഥയാണ് സത്യാനന്തരത്തിന് പറയാനുള്ളത്.[4] പുരാതനകാലത്ത് നിലനിന്നിരുന്നു എന്ന് വിശ്വസിപ്പിക്കുന്ന ആനന്ദത്തെക്കുറിച്ചുള്ള അത്ഭുതവും വർത്തമാനകാലത്തിൽ അവയെക്കുറിച്ചുള്ള നഷ്ടബോധവും ഭാവികാലത്തിൽ അവയെ പ്രാപിക്കാനുള്ള അടങ്ങാത്ത ത്വരയും സൃഷ്ടിക്കാൻ സത്യാനന്തരയുഗത്തിനു സാധിക്കുന്നു. അതുവഴി ജനങ്ങൾ യാഥാർത്ഥ്യബോധം മറക്കുകയും ഭാവനാലോകത്തിലധിഷ്ഠിതമായ നവലോകനിർമ്മിതിക്കായി നൂതന സാഹിത്യജനസ്സുകളെ സൃഷ്ടിക്കുകയും ചെയ്യുന്നു. അദൃശ്യരായ കോർപ്പറേറ്റ് ശക്തികൾ നന്മയുടെ അവതാരങ്ങളായി പ്രത്യക്ഷപ്പെടുന്നതോടെ സമൂഹത്തിന്റെ ആശ്രയബോധം അവരിലെത്തിച്ചേരുന്നു. അതുവഴി തങ്ങളുടെ ഉദ്ദിഷ്ടകാര്യനിർവ്വഹണം തടസ്സം കൂടാതെ സാധിക്കാനുള്ള അവസരം പ്രസ്തുത ശക്തികൾക്കു

കൈവരുന്നു. ഇവിടെ സമൂഹത്തിന്റെയും വ്യക്തികളുടെയും സ്വാതന്ത്ര്യം പാരതന്ത്ര്യമായി മാറുകയും സംഘർഷത്തിന് പ്രാധാന്യം ലഭിക്കുകയും ചെയ്യുന്നു. ഈ ശൈലി സാഹിത്യരചനകളിലും കലാസൃഷ്ടികളിലും പ്രകടമാകുന്നതോടെ മാനവികതയും മതേതരത്വവും നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് സമൂഹം മാറുന്നു.

### 8. നിയന്ത്രണതന്ത്രഭ്രമം (Control Trick Mania)

സഹിഷ്ണുത നഷ്ടപ്പെട്ട് എവിടെയും എപ്പോഴും എന്തിനെയും നിയന്ത്രിക്കാനുള്ള ശ്രമം സാഹിത്യോത്തരസംസ്കാരത്തിന്റെ സൂക്ഷ്മപ്രവണതയാണ്. വാഗ്ദാനങ്ങളിലൂടെയും ആനുകൂല്യങ്ങളിലൂടെയും നിയന്ത്രണപരിധി നിശ്ചയിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയാണ് ഇതിന്റെ പ്രത്യേകത. ഈ അവസ്ഥാവിശേഷമാണ് വ്യക്തികേന്ദ്രിതം, കോർപ്പറേറ്റ് കേന്ദ്രിതം, മതകേന്ദ്രിതം, പ്രത്യയശാസ്ത്രകേന്ദ്രിതം, രാഷ്ട്രീയപാർട്ടികേന്ദ്രിതം, സാമ്പത്തികകേന്ദ്രിതം, സൗഹൃദകേന്ദ്രിതം എന്നിവയൊക്കെയാവാം. വ്യക്തിസ്വാതന്ത്ര്യത്തിനുമേലുള്ള തന്ത്രപരമായ കടന്നുകയറ്റമാണ് ഇതിന്റെ ശൈലി. സാമൂഹികമാധ്യമങ്ങൾ ഈ ശൈലിയെ അധികമായി സഹായിക്കുന്നുണ്ട്. ബ്ലോഗ് രചനകൾ, ഫെയ്സ്ബുക്ക് കുറിപ്പുകൾ, ട്രോളുകൾ, സെൽഫി പ്രകടനങ്ങൾ, വിമർശനപദ്ധതികൾ എന്നിങ്ങനെ നിയന്ത്രണതന്ത്രഭ്രമം കടന്നുവരുന്ന മേഖലകൾ നിരവധിയാണ്. സൂക്ഷ്മതയും അപഗ്രഥനമനോഭാവവും യുക്തിബോധവും ഇതിന്റെ പിന്നിലുണ്ട്. വ്യക്തികൾ എന്തു ചെയ്യണം, ഏത് അഭിപ്രായം രൂപീകരിക്കണം, എന്ത് ഭക്ഷിക്കണം, എന്ത് ധരിക്കണം, ആർക്ക് വോട്ടുചെയ്യണം എന്നിങ്ങനെ വ്യക്തിയുമായി ബന്ധപ്പെട്ട സമസ്തമേഖലകളിലും നിയന്ത്രണമനോഭാവം സാഹിത്യോത്തരസംസ്കാരത്തിന്റെ ഭാഗമായി കടന്നുവരുന്നു. വിദ്യാഭ്യാസപദ്ധതികളിലും മതാത്മക വീക്ഷണങ്ങളിലും രാഷ്ട്രീയസംവാദങ്ങളിലും ഇത്തരം അപചയങ്ങൾ കാണാൻ സാധിക്കും. വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ കാഴ്ചപ്പാടുകൾ രൂപീകരിക്കാനുള്ള ജാഗ്രത കാണിക്കുക എന്നതു മാത്രമാണ് ഇത്തരം പ്രവണതകൾക്കുള്ള പ്രതിവിധി. സാഹിത്യാദിമേഖലകളിലുള്ള ത്വരിതാഭിപ്രായരൂപീകരണ പ്രവണതകളിൽനിന്നും വിട്ടുനില്ക്കാനും ക്രിയാത്മകവും അപഗ്രഥനാത്മകവുമായ വീക്ഷണ ശൈലി രൂപീകരിക്കാനും പരിശ്രമിച്ചാൽ മാത്രമേ നിയന്ത്രണതന്ത്രഭ്രമത്തെ മറികടക്കുവാൻ സാധിക്കൂ.

മുകളിൽ പറഞ്ഞ ഘടകങ്ങൾ സാഹിത്യോത്തരസംസ്കാരത്തിന്റെ സവിശേഷതകളെ മനസ്സിലാക്കാൻ സഹായിക്കുന്നവയാണ്. ഇത്തരം പ്രവണതകൾ സാഹിത്യത്തിലും രംഗകലകളിലും കടന്നുവന്നിട്ടുണ്ട്. അവയെല്ലാം പഠനത്തിന് വിധേയമാക്കുകയെന്നത് ശ്രമകരമായ കാര്യമാണ്.

### ചെറുകഥയിലെ സാഹിത്യോത്തരത

പറയുക എന്നർത്ഥമുള്ള കഥിക്കുക എന്ന ധാതുവിൽ നിന്നാണ് 'കഥ' എന്ന സാഹിത്യരൂപത്തിന്റെ ഉത്ഭവം. കഥ പറയാനും കഥ കേൾക്കാനും മനുഷ്യനുള്ള ജിജ്ഞാസയാണ് ഈ സാഹിത്യരൂപത്തിന്റെ അടിസ്ഥാനം. വാമൊഴി പാരമ്പര്യത്തിൽ കഥ പറയാനും കഥ കേൾക്കാനുമുള്ള താല്പര്യത്തിൽ നിന്നാണല്ലോ ചൊൽക്കഥകളും പാട്ടുകഥകളും ഐതിഹ്യകഥകളുമൊക്കെ രൂപപ്പെട്ടത്. എന്നാൽ ഇന്ന് കാണുന്ന സാഹിത്യരൂപമായി ചെറുകഥ മാറിയിട്ട് ഏറെ കാലമായില്ല. എലിസബത്ത് ബോവന്റെ അഭിപ്രായപ്രകാരം 19-ാം ശതകത്തിന്റെ പുത്രിയാണ് ചെറുകഥ. റഷ്യൻ സാഹിത്യകാരനായ നിക്കോളായ് ഗോഗോൾ, അമേരിക്കൻ സാഹിത്യകാരനായ എഡ്ഗാർ അലൻപോ എന്നിവരാണ് ചെറുകഥയുടെ ആദ്യ പ്രയോക്താക്കളായി ഗണിക്കപ്പെടുന്നത്. 1842 ൽ എഡ്ഗാർ അല്ലൻപോ ആണ് ചെറുകഥയെ ആദ്യമായി നിരൂപണബുദ്ധിയോടെ സമീപിച്ചത്. ചെറിയ കഥയല്ല ചെറുകഥ എന്ന് വ്യക്തമായി പറഞ്ഞത് ബ്രാണ്ടർ മാത്യൂസ് ആണ്.[5] 1885 ൽ ബ്രാണ്ടർ മാത്യൂസ് 'ചെറുകഥയുടെ തത്ത്വശാസ്ത്രം' (The Philosophy of Short Story)[6] എന്ന ലേഖനം പ്രസിദ്ധീകരിച്ചതോടെയാണ് കഥയെക്കുറിച്ചുള്ള നൂതനസങ്കല്പത്തിന് പ്രചാരം കിട്ടിയതും ഒരു പ്രത്യേക സാഹിത്യപ്രസ്ഥാനമായി ചെറുകഥ അംഗീകരിക്കപ്പെട്ടതും. "ഒരു പ്രത്യേക പ്രസ്ഥാനമെന്ന നില സൂചിപ്പിക്കാൻ 'ചെറുകഥ' എന്നത് ഒരു സമസ്തപദമായി അദ്ദേഹം ഉപയോഗിച്ചു."[7] ചുരുങ്ങിയ കാലത്തിനുള്ളിൽ ഗൗരവമായ വളർച്ച ചെറുകഥയ്ക്കുണ്ടായി.

ബാഹ്യമോ ആന്തരമോ ആയ ഒരൊറ്റ സംഭവത്തെ ആസ്പദമാക്കിയുള്ള ഭാവനാസൃഷ്ടിയാണ് ചെറുകഥ. "അരമണിക്കൂർ മുതൽ ഒന്നോ രണ്ടോ മണിക്കൂർ വരെ സമയം വായിക്കാൻ വേണ്ടിവരുന്ന, ഒരു ഗദ്യാഖ്യാനമാണ് ചെറുകഥ"[8] എന്നാണ് എഡ്ഗാർ അല്ലൻപോ ചെറുകഥയെ സാമാന്യമായി നിർവചിക്കുന്നത്. ഒരു ചെറുകഥയിൽ ഒരേ ഒരു ആശയമേ നിബന്ധിക്കാവൂ എന്നും വായനക്കാരന്റെ മനസ്സിൽ ശക്തമായ ഒരനുഭൂതി സംവേദിപ്പിക്കാൻ

ISSN No: 3049-0316


അതിന് കഴിയണമെന്നും പ്രാഥമികമായി ചെറുകഥ വികാരോത്തേജകമാണെന്നതുമാണ് ചെറുകഥയെക്കുറിച്ചുള്ള പണ്ഡിതമതം. എം.ടി. വാസുദേവൻനായരുടെ അഭിപ്രായപ്രകാരം "ഹൃദയത്തിൽനിന്നുള്ള ആക്രോശം, ഒരു തീവ്രമായ വിലാപം ആണ് ചെറുകഥ."[9] മലയാളസാഹിത്യത്തിൽ ചെറുകഥ നവോത്ഥാനപ്രവണതകളിലൂടെയും ആധുനികസ്വഭാവത്തിലൂടെയും ഉത്തരാധുനികതയിലൂടെയും കടന്ന് സാഹിത്യോത്തരകാലഘട്ടത്തിലെത്തി നിൽക്കുന്നു. കാലഘ ട്ടത്തിന്റെയും പ്രവണതകളുടെയും അടിസ്ഥാനത്തിൽ ചെറുകഥയെ വിലയിരുത്തുമ്പോഴാണ് ഇത്തരം വീക്ഷണങ്ങൾ നമുക്ക് ലഭിക്കുന്നത്.

സാഹിത്യോത്തരപ്രവണതകളുടെ അടിസ്ഥാനത്തിൽ മിനി എം.ബിയുടെ ഒരു പെണ്ണിന്റെ ആത്മകഥയും ചില പിൻകുറിപ്പുകളും (മലയാളം വാരിക, 2015 ഏപ്രിൽ 4), നിധീഷ് ജി. യുടെ പുള്ളിമാൻ ജംഗ്ഷൻ (സമകാലിക മലയാളം വാരിക, 2018 ഡിസംബർ 10), അയ്മനം ജോണിന്റെ പട്ടുനൂൽപ്പുഴുക്കളുടെ മനസ്സ് (സമകാലിക മലയാളം, 2018, ഒക്ടോബർ 15) എന്നീ മൂന്ന് വ്യത്യസ്ത കഥകൾ ഇവിടെ അപഗ്രഥിക്കുന്നു.

**ഒരു പെണ്ണിന്റെ ആത്മകഥയും ചില പിൻകുറിപ്പുകളും**

പോലീസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥനായ ജിബിന്റെ ഭാര്യ ബിന്ദു സ്വന്തം കഥ ചുരുക്കി പ്രതിപാദിക്കുന്നതാണ് ഇതിവൃത്തം. കഥാനായികയുടെ വ്യക്തികേന്ദ്രിതമായ ചില വീക്ഷണങ്ങളാണ് ഈ കഥയെ വ്യത്യസ്തമാക്കുന്നത്. കഥ പറയുന്ന ആൾ ഒരു മിഡിൽ ക്ലാസ് വീട്ടമ്മയാണ്. കഥാനായികയും അവർതന്നെ. കഥയുടെ ആമുഖം ഇപ്രകാരമാണ്. "എഴുത്തുകാരായി ലോകം അംഗീകരിച്ചവർക്കുള്ള നിയമങ്ങൾ എനിക്ക് ബാധകമേയല്ല." ഈ പ്രസ്താവന സാഹിത്യോത്തരസംസ്കാരത്തിന്റെ കേളികൊട്ടുയർത്തുന്നു. കഥയിലൂടെ സഞ്ചരിക്കുമ്പോൾ സാഹിത്യോത്തരസംസ്കാരത്തിന്റെ പിൻകുറിപ്പുകൾ മറനീക്കി പുറത്തുവരുന്നത് വ്യക്തമാകും.

വിവാഹാലോചനയും വിവാഹവുമായി ബന്ധപ്പെട്ട കഥാനായികയുടെ വിലയിരുത്തലുകളും സാമ്പത്തിക കാവ്യമീമാംസയുടെ വ്യക്തമായ പ്രകടനമാണ്. ജിബിന്റെയും ബിന്ദുവിന്റെയും വിവാഹം ജാതക കല്യാണമാണ്. അതുകൊണ്ട് 28 വയസ്സുവരെ കാത്തുനിൽക്കേണ്ടി വന്നു. ജാതകം നോക്കി മട്ടുത്ത കല്യാണം നടക്കാതെവന്ന് ജിബിൻ എന്ന പോലീസുദ്യോഗസ്ഥന്റെ ഭാര്യയായ ബിന്ദു പറയുന്നു. "ജോലിയില്ലാത്ത എന്നെ കെട്ടുന്നതിന്റെ നഷ്ടപരിഹാരമായി അച്ഛന് ആകെയുള്ള പതിനഞ്ച് സെന്റ് ഭൂമിയിലെ പത്ത് സെന്റും എന്റെയും ജിബിന്റെയും പേരിൽ എഴുതിത്തരേണ്ടിവന്നു. അതും നന്നായി..... അഞ്ച് സെന്റ് ഭൂമിയും അതിലൊരു വീടും (ചെറുതാണെങ്കിലും) എന്റെ സഹോദരന് ഉള്ളതിനാൽ അതിൽ ഒട്ടും മനഃസാക്ഷിക്കുത്ത് വേണ്ട. ഒന്നും വേണ്ടെന്ന് പറയുന്ന ഒരു കോന്തൻ വന്നിരുന്നെങ്കിൽ ഇതു വല്ലതും നടക്കുമായിരുന്നോ? എല്ലാം കൊണ്ടും കാര്യങ്ങൾ ഭംഗിയായി നടന്നു."

സാഹിത്യോത്തരസംസ്കാരത്തിന്റെ പ്രവണതകളിൽ പ്രധാനമാണ് മാനവികതയിൽനിന്നും അപമാന വികതയിലേക്കുള്ള ചുവടുമാറ്റം. ഒരു സാധാരണ യുവതി തന്റെ വിവാഹദിവസത്തെ വിലയിരുത്തുന്നത് ശ്രദ്ധേയമാണ്. "വിടർന്ന ചിരിച്ചുകൊണ്ട് ഒരു കുപ്പിഗ്ലാസ്സിൽ നല്ലോണം പഞ്ചസാരയിട്ട പാൽ ചേടത്തിയമ്മ തന്നു. എനിക്കുറപ്പായിരുന്നു ആ ചിരി അത്ര നിഷ്കളങ്കമല്ല എന്നത്. ഒരകലത്തിൽ നിർത്തേണ്ടവരുടെ പട്ടികയിലേയ്ക്ക് അന്നുതന്നെ ഞാൻ ചേടത്തിയമ്മയുടെ പേര് എഴുതിച്ചേർത്തു. അന്നുമുതൽ ഇന്നുവരെ ആ ഒരകൽച്ച ഞങ്ങൾക്കിടയിലുണ്ട്. അതുകൊണ്ടുതന്നെയാവണം ഞങ്ങൾ ഒരിക്കലും വഴക്കിട്ടിട്ടില്ല."

ഏതു കാര്യത്തിലും പ്രായോഗികത കണ്ടെത്തുക എന്നത് നവസംസ്കാരത്തിന്റെ സൂക്ഷ്മ സവിശേഷതയാണ്. ബിന്ദുവിന്റെ കൂട്ടുകാരി നിഷയുടെ അഭിപ്രായം ഇത് അടിവരയിട്ടു സമർത്ഥിക്കുന്നു. How old are you? എന്ന സിനിമ തന്റെ സഹപാഠിയും ഇപ്പോഴത്തെ അയൽക്കാരിയുമായ നിഷയോടൊപ്പം കാണാൻ പോയപ്പോഴാണ് ഈ വീക്ഷണം അവതരിപ്പിക്കുന്നത്. "ബിന്ദു.... മക്കൾക്കുവേണ്ടി വെറുതെ ത്യാഗം ചെയ്യാൻ മാത്രമുള്ളതല്ല നമ്മുടെ ജീവിതം. അവർക്കുവേണ്ടി ജീവിക്കുന്നതിനൊപ്പം നമ്മൾ നമുക്കുവേണ്ടിയും ജീവിക്കണം. അല്ലെങ്കിൽ എന്റെ അമ്മായിയമ്മയെപ്പോലെയാവും.... നല്ല പ്രായത്തിൽ മക്കൾക്കുവേണ്ടി ജീവിക്കും. വയസ്സാകുമ്പോൾ മക്കൾ നമുക്കുവേണ്ടി ജീവിക്കുമെന്ന് പ്രതീക്ഷിക്കും. എന്നാൽ അവർ ജീവിക്കുക അവരുടെ മക്കൾക്കുവേണ്ടിയാവുമെന്നുള്ള മിനിമം കോമൺസെൻസ് ഉണ്ടാവില്ല. പിന്നെ ഫ്രസ്ട്രേഷൻ ആയി. മുറുമുറുപ്പായി..... മക്കളെ വെറുപ്പിക്കുന്ന ഈ ത്യാഗം എന്തിന്? അത് ശരിയാണെന്ന് എനിക്ക് തോന്നി..... ഞാനെന്റെ മക്കൾക്കുവേണ്ടി ജീവിക്കുന്നതുപോലെ അവർ അവരുടെ മക്കൾക്കുവേണ്ടി ജീവിക്കുമ്പോൾ നിരാശ തോന്നാതിരിക്കണമെങ്കിൽ സ്വന്തം ജീവിതം ആസ്വദിച്ചു എന്ന തോന്നലുണ്ടാവണം."

 ISSN No: 3049-0316


സാങ്കേതികവിദ്യ മനുഷ്യനെ ഉല്പന്നവും ഉപഭോക്താവുമായി കാണുന്നു. സഹൃദയൻ എന്ന ഭാവം മാറി വസ്തുവായി മനുഷ്യൻ മാറ്റപ്പെട്ടു. സാഹിത്യോത്തരരചനയുടെ പ്രധാന പ്രമേയമായി സാങ്കേതികാധിഷ്ഠിത മുതലാളിത്തം രൂപം പ്രാപിച്ചു. ഇതിന്റെ വ്യക്തമായ പ്രകടനം ഈ കഥയിൽ ദൃശ്യമാണ്. ഫെയ്സ്ബുക്കിലും (Facebook) വാട്ട്സ്ആപ്പിലും (WhatsApp) ആൺസുഹൃത്തുക്കളെയും പെൺസുഹൃത്തുക്കളെയും കണ്ടെത്തി നേരംപോക്ക് നടത്തുന്ന കഥാനായിക സൗഹൃദങ്ങൾ അതിരുവിടാതെ നോക്കുന്നു എന്നതും ഓരോന്നിലും വിരസത തോന്നുമ്പോൾ അടുത്തതിലേക്ക് ചാടുന്നു എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. ഉദാഹരണമായി, മറ്റുള്ളവരെക്കുറിച്ച് ഏഷണി എഴുതുന്ന ഡയറി നിഷ പാചകക്കുറിപ്പാക്കി മാറ്റുന്നു. കഥാനായിക ബിന്ദു തന്റെ ആത്മകഥ എഴുതാൻ തുടങ്ങുന്നു.

ഇപ്രകാരം സാഹിത്യോത്തരതയുടെ പ്രവണതകളെ വ്യക്തികേന്ദ്രിതമായി അവതരിപ്പിച്ചുകൊണ്ട് പ്രായോഗികതയുടെ പാഠങ്ങൾ ഈ കഥയിൽ വ്യക്തമാക്കുന്നു.

### പുള്ളിമാൻ ജംഗ്ഷൻ

സാഹിത്യോത്തരസംസ്കാരത്തിന്റെ നൂതനപ്രവണതയായ സത്യാനന്തരയുഗത്തെ ശക്തമായി അവതരിപ്പിക്കുന്ന കഥയാണ് 'പുള്ളിമാൻ ജംഗ്ഷൻ'. ഒരു കൊലപാതകത്തിന്റെ യാഥാർത്ഥ്യവും നാട്ടുസംസ്കാരവും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നതിലൂടെ സമകാലിക പ്രശ്നമായ സത്യാനന്തരയുഗത്തിന്റെ അപഗ്രഥനം സാദ്ധ്യമാക്കുന്നു.

വിഷ്ണുനമ്പൂതിരി തന്റെ ഭാര്യയെ വധിച്ചു. കേസന്വേഷണത്തിന്റെ ഭാഗമായി പോലീസ് അവർ താമസിച്ചിരുന്ന വാടകവീട് പൂട്ടി സീൽ വച്ചു. ആ വീട്ടിലെ താമസക്കാരായ വിഷ്ണുവിന്റെ അമ്മയും വിഷ്ണുവിന്റെ മൂന്ന് കുട്ടികളും പുള്ളിമാൻ ജംഗ്ഷനിലെ മരിയ ലോഡ്ജിൽ താമസിക്കാൻ പോലീസുദ്യോഗസ്ഥൻ ഷിബുസാർ ഏർപ്പാടാക്കുന്നു. ഭാര്യയുടെ അവിഹിതം മൂലം അവളെ വിഷ്ണു തലയ്ക്കടിച്ചുകൊന്നു എന്ന വാർത്തയാണ് നാട്ടിൽ പ്രചരിക്കുന്നത്. എന്നാൽ മരിയ ലോഡ്ജിന്റെ തുടക്കം മുതൽ അവിടെ ജോലിചെയ്യുന്ന തമ്പിയണ്ണൻ കൊല പാതകത്തിന്റെ സത്യാവസ്ഥ മാനേജർ അൻവറിനോട് വെളിപ്പെടുത്തുന്നു. തവിട്ടുനിറത്തിൽ വെള്ളപ്പുള്ളികളുള്ള പശുക്കിടാവിനെ വിഷ്ണുവിന് ജീവനാണ്. എന്നാൽ ഭാര്യയ്ക്ക് അതിനോട് വെറുപ്പും. ഈ പശുക്കിടാവ് വിഷ്ണുവിന്റെ ഇളയകൊച്ചിനെ തൊഴിച്ചു. കൊച്ചിന്റെ അമ്മ പശുക്കിടാവിനെ തല്ലുന്നത് കണ്ടുകൊണ്ടാണ് വിഷ്ണു കയറിവന്നത്. വിഷ്ണുവിന് സഹിച്ചില്ല. ഭാര്യയ്ക്കിട്ടൊരണ്ണം കൊടുത്തു. അത് മർമ്മത്തായിപ്പോയി. ഭാര്യ മരിച്ചു. ഈ സത്യം മറച്ചുകൊണ്ടാണ് ജാരക്കഥ നാട്ടിൽ പ്രചരിച്ചത്.

### പട്ടുനൂൽപ്പുഴുക്കളുടെ മനസ്സ്

കനകപുരയിലെ 'രത്നപ്രഭാ മിൽസ്'' അപേക്ഷിച്ചിട്ടുള്ള ലോണുമായി ബന്ധപ്പെട്ട് മില്ല് പരിശോധനയ്ക്ക് പോകുന്ന രണ്ട് ബാങ്കുദ്യോഗസ്ഥരിൽ ഒരാൾ പറയുന്നതാണ് കഥ. നഷ്ടത്തിലായ രത്നപ്രഭാ മിൽസ്, ലോൺ ലഭിച്ചെങ്കിൽ മാത്രമേ മുന്നോട്ടു പോകൂ. അക്കൗണ്ടന്റും സത്സ്വഭാവിയുമായ ചന്ദ്രശേഖരയും ജീപ്പ് ഡ്രൈവർ തങ്കയ്യയും ഉൾപ്പെടുന്ന കുറച്ച് നല്ല തൊഴിലാളികളുടെ ബലത്തിലാണ് മില്ല് പൂട്ടാതെ മുന്നോട്ട് പോകുന്നത്. വാക്ചാതുരികൊണ്ട് ആരെയും മയക്കുന്ന തന്ത്രശാലിയായ രവികിരൺ, പട്ടിന്റെ വിപണി തകരുന്നുവെന്ന പ്രചരണം നടത്തി മൊത്തവ്യാപാരികളുമായി ചേർന്ന് മില്ലിലെ ഗുണമേന്മയുള്ള വസ്ത്രശേഖരം അന്യായമായ വിലക്കുറവിൽ വിറ്റഴിച്ചുകൊണ്ടിരിക്കുന്ന രഹസ്യം തൊഴിലാളികൾക്കിടയിൽ പരസ്യമാണ്. രവികിരൺ തൊഴിലാളികളെ ഭീഷണിപ്പെടുത്തിയും തൊഴിലാളികളുടെ ദയനീയസ്ഥിതിയെ അവതരിപ്പിച്ച് ബാങ്കുകാരെ സ്വാധീനിച്ചും മില്ലിലെ ക്രമക്കേടുകൾ തുടരുന്നു. പരിശോധനയ്ക്ക് വന്ന ഉദ്യോഗസ്ഥരെ സ്വാധീനിക്കാൻ ചന്ദ്രശേഖര ഉല്ലാസയാത്ര ക്രമീകരിക്കുന്നു. ഉല്ലാസയാത്രയ്ക്കിടയിൽ തന്റെ മകളെയും കൊച്ചുമക്കളെയും കാണാമല്ലോ എന്ന സന്തോഷവും അയാൾക്കുണ്ട്. എന്നാൽ ആ യാത്രയ്ക്കിടയിൽ മകളുടെ അടുക്കൽ വച്ച് ഹൃദയസ്തംഭനംമൂലം അയാൾ മരിക്കുന്നു. അയാളുടെ മരണത്തെയും ഉദ്യോഗസ്ഥരെ സ്വാധീനിക്കാനുള്ള ഉപാധിയായി മാറ്റുന്ന മാനേജരെ കഥാകൃത്ത് അവതരിപ്പിക്കുന്നുണ്ട്. ധാർമ്മികതയും വിശ്വസ്തതയും സൂക്ഷിച്ചുകൊണ്ട് ജോലി ചെയ്യുന്ന നല്ല മനുഷ്യരെയും അവരുടെ കഠിനാദ്ധ്വാനത്തെയും മൂല്യബോധത്തെയും ദയനീയാവസ്ഥയെയും ചൂഷണം ചെയ്ത് സ്വാർത്ഥതാല്പര്യങ്ങൾ നടപ്പിലാക്കുന്ന അധികാരിവർഗ്ഗത്തെയും ഇത്തരം കാപട്യങ്ങൾക്ക് മൂകസാക്ഷികളാകേണ്ടിവരുന്ന ഉദ്യോഗസ്ഥരെയും അവതരിപ്പിക്കുന്ന ഈ കഥ സാഹിത്യോത്തരസംസ്കാരത്തിന്റെ ഉത്തമോദാഹരണമാണ്. സാമ്പത്തികശാസ്ത്രം സമൂഹത്തെ നിയന്ത്രിക്കുന്ന ഒരിടമായി ഈ കഥയിൽ മാറുന്നു.

## ഉപസംഹാരം

പ്രമേയത്തിലും ആഖ്യാനതന്ത്രങ്ങളിലും ഭാവുകത്വപരിണാമസാധ്യതകളിലും സ്വീകരിച്ചിരിക്കുന്ന നവീന കാഴ്ചപ്പാടുകളാണ് ചെറുകഥയിൽ സാഹിത്യോത്തരതയുടെ പ്രവണതകളെ അടയാളപ്പെടുത്തുന്നത്. മലയാളചെറുകഥയിൽ ദൃശ്യമാകുന്ന സാഹിത്യോത്തരതയുടെ ആവിഷ്കാരശൈലി താഴെ പറയുന്നവിധം സംഗ്രഹിക്കാം.

1. കഥാപ്രമേയത്തിന്റെ സങ്കീർണ്ണത: വ്യക്തിയുടെ പ്രശ്നങ്ങൾ, സമൂഹത്തിന്റെ പ്രശ്നങ്ങൾ എന്നിവ കഥാപാത്രങ്ങളെ ബാധിക്കുന്നില്ല. കഥാപാത്രങ്ങളുടെ പ്രശ്നങ്ങളെ ഉൾക്കൊള്ളാൻ സമൂഹത്തിനോ വ്യക്തിക്കോ സാധിക്കാത്ത തലം കഥാപ്രമേയത്തിൽ വരുന്നു.
2. ധാർമ്മികമാനദണ്ഡങ്ങളുടെ തിരുത്ത്: ധാർമ്മികമാനദണ്ഡങ്ങളുടെ അസ്ഥിരത ശ്രദ്ധേയമാകുന്നു. ഓരോ കഥയിലും ഓരോ ധാർമ്മികത എന്ന അവസ്ഥ സംജാതമാകുന്നു. കഥ മുന്നോട്ടുപോകാനാവശ്യമായ കഥാപാത്രത്തിന്റെയോ കഥാസന്ദർഭത്തിന്റെയോ അവസ്ഥയാണ് ധാർമ്മികത എന്ന് നിർണ്ണയിക്കപ്പെടുന്നു.
3. അപ്രസക്തമാകുന്ന ചരിത്രം: ആർക്കും ആരെയും അടയാളപ്പെടുത്താൻ സാധിക്കില്ല. ഓരോരുത്തരും സ്വന്തം ഇടം കണ്ടെത്തുന്നു. ആ ഇടം ആരെയും ബാധിക്കുന്നില്ല. വിജയപരാജയങ്ങളുടെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യവും ചരിത്രവും നിർണ്ണയിക്കപ്പെടുന്നു. സംഘർഷം വിജയപരാജയങ്ങളുടെ ഉപാധിയായി മാറുന്നു. ചരിത്രം അപ്രസക്തമാകുന്നു.
4. വ്യക്തിസ്വാതന്ത്ര്യത്തിന് ലഭിക്കുന്ന അമിത പ്രാധാന്യം.
5. വ്യക്ത്യാധിഷ്ഠിത സൗന്ദര്യശാസ്ത്രവും തത്ത്വചിന്തയും.
6. പെരുകുന്ന പുരോഗമനചിന്തയും തകരുന്ന സമ്പദ്ഘടനയും.
7. യാന്ത്രാധിഷ്ഠിത ജീവിതപ്രക്രിയയുടെ വേരോട്ടം.
8. വികസിക്കുന്ന പ്രായോഗികവാദം.
9. കയ്യൂക്കുള്ളവൻ കാര്യക്കാരൻ (Survival of the fittest) എന്ന സിദ്ധാന്തത്തിന്റെ തിരിച്ചു വരവ്.
10. മാനവികതയിൽനിന്നും അപമാനവികതയിലേക്കും ഉപഭോഗമനോഭാവത്തിലേക്കുമുള്ള കുതിച്ചുചാട്ടം.

കഥയും കഥാപരിസരവും സാഹിത്യസംസ്കാരത്തിൽനിന്നും സാഹിത്യോത്തരസംസ്കാരത്തിലേക്കുള്ള ചുവടുമാറ്റത്തിലാണ്. മൂല്യബോധത്തിൽ മാറ്റം വരുമ്പോഴും ക്രിയാത്മകവും പ്രതിലോമവുമായ നിരീക്ഷണം നടത്താനും ഉത്തമമായത് തിരഞ്ഞെടുക്കുവാനും വായനക്കാരന് സ്വാതന്ത്ര്യം ലഭിക്കുന്നു. വായനക്കാരൻ ജാഗ്രതയും അവധാനതയും കാണിക്കണമെന്ന് പുതിയ കാലഘട്ടം ആവശ്യപ്പെടുന്നു.

### കുറിപ്പുകൾ

1. Patricia Waugh (ed.) Literary Theory and Criticism, p. 558.
2. Ibid, p. 558.
3. Matthew D Ancona, Post Truth, the New War on Truth and How to fight back, p. 6.
4. Lee Mcintyre, Post Truth, p. 9.
5. വിശ്വവിജ്ഞാനകോശം, Vol. 6. p. 41.
6. എം. അച്യുതൻ, ചെറുകഥ ഇന്നലെ, ഇന്ന്, p. 25.
7. നിശാഗന്ധി വിശ്വവിജ്ഞാനകോശം, Vol. 6, p. 475.
8. എസ്.കെ. വസന്തൻ, സാഹിത്യപഠനത്തിന് ഒരു ആമുഖം (വില്യം ഹെന്റി ഹഡ്സൺ മൂലഗ്രന്ഥകാരൻ), p. 355.
9. എം.ടി. വാസുദേവൻ നായർ, വാക്കുകളുടെ വിസ്മയം. p. 60.

### സഹായകഗ്രന്ഥങ്ങൾ

1. അച്യുതൻ, എം., ചെറുകഥ ഇന്നലെ, ഇന്ന്, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1985.
2. നിശാഗന്ധി വിശ്വവിജ്ഞാനകോശം, Vol. 6, നിശാഗന്ധി പബ്ലിക്കേഷൻസ്, തൃശ്ശൂർ 2004.
3. വസന്തൻ, എസ്.കെ., സാഹിത്യപഠനത്തിന് ഒരു ആമുഖം (വില്യം ഹെന്റി ഹഡ്സൺ–മൂലഗ്രന്ഥകാരൻ), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1993.

4. വാസുദേവൻ നായർ, എം. ടി., വാക്കുകളുടെ വിസ്മയം, എച്ച് ആന്റ് സി ബുക്സ്, തൃശ്ശൂർ, 2013.
5. വിശ്വവിജ്ഞാനകോശം, Vol. 6, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 5. 1971.
6. Lee Mcintyre, Post Truth, MIT Press, London, 2017.
7. Matthew D Ancona, Post Truth - The New War on Truth and How to fight back, Ebury Press, 2014.
8. Patricia Waugh (ed.) Literary Theory and Criticism, An Oxford Guide, Oxford University Press, Oxford 2006.